കേന്ദ്രസർക്കാർ അനുവർത്തിക്കുന്ന ജനവിരുദ്ധ നിലപാടുകൾ

77 (82) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നിലപാടുകളിൽ സംസ്ഥാന ഗവൺമെന്റ് അസംതൃപ്തി അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം നിലപാടുകൾക്കെതിരെയാണെന്ന വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരെ സംസ്ഥാനത്ത് ഏതെങ്കിലും നിലയിലുള്ള ജനകീയ അഭിപ്രായ രൂപീകരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേന്ദ്രസർക്കാർ സ്വീകരിച്ച ഏതെല്ലാം നയ സമീപനങ്ങളാണ് സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും പൊതു താത്പര്യങ്ങൾക്ക് വിരുദ്ധമായി ഭവിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തിന്റെ ബഹുമുഖമായ വികസനത്തിന് ആവശ്യമായ സാമ്പത്തിക സഹായം ബഡ്ജറ്റ് വഴിയും അല്ലാതെയും അനുവദിക്കാത്തതുമൂലമുണ്ടായ സംസ്ഥാന സർക്കാരിന്റെ ഉത്കണ്ഠ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്തിന് ലഭ്യമാകേണ്ട സാമ്പത്തികാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി കേന്ദ്രത്തിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്.

നീര ടോഡി ബോർഡ് രൂപീകരണം

78 (83) ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ബോർഡിന്റെ സാദ്ധ്യത ,ഘടന എന്നിവയെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly